ആർ.ഐ.ഡി.എഫ്.- III

1. കുത്തന്നൂർ-എരിമയൂർ റോഡ് - (15.98 ലക്ഷം രൂപ)

2. മണിയാംപാറ-പെരിങ്ങോട്ടുകുറിശ്ശി - (12.48 ലക്ഷം രൂപ)

ആർ.ഐ.ഡി.എഫ്.- VI

1. ഓടന്നൂർ-വലയപറമ്പ റോഡ് - (16.78 ലക്ഷം രൂപ)

റോഡ് ഫണ്ട് ബോർഡ്

33(1343) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 'റോഡ് ഫണ്ട് ബോർഡ്' രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ ബോർഡിന്റെ ഘടന സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കുക, സ്വകാര്യസ്ഥാപനങ്ങളുമായി നിർമ്മാണ കരാറുകൾ ഉണ്ടാക്കുക, ഗതാഗത സൗകര്യങ്ങൾക്കുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഫണ്ട് സ്വരൂപിക്കുകയും അവയുടെ വിതരണവും അവലോകനവും മേൽനോട്ടവും നടത്തുക തുടങ്ങിയവയാണ് കേരള റോഡ് ഫണ്ട് ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) മുഖ്യമന്ത്രി ഈ ബോർഡിന്റെ അനൗദ്യോഗിക ചെയർമാനും പൊതുമരാമത്ത് വകുപ്പുമന്ത്രി വൈസ് ചെയർമാനും ധനകാര്യമന്ത്രി, ഗതാഗതമന്ത്രി എന്നിവർ അനൗദ്യോഗിക അംഗങ്ങളും പൊതുമരാമത്ത് പ്രിൻസിപ്പൽ സെക്രട്ടറി (അഡീഷണൽ ചീഫ് സെക്രട്ടറി) മെമ്പർ സെക്രട്ടറിയും നിയമവകുപ്പ് സെക്രട്ടറിയും പൊതുമരാമത്ത് നിരത്തുവിഭാഗം ചീഫ് എൻജിനീയറും അനൗദ്യോഗിക അംഗങ്ങളും ആകുന്നു. കൂടാതെ മൂന്ന്(3) ധനകാര്യസ്ഥാപനങ്ങളുടെ തലവന്മാരിൽനിന്ന് നോമിനേറ്റ് ചെയ്യപ്പെടുന്ന അംഗങ്ങളും ഉൾപ്പെടുന്നതാണ് കേരള റോഡ് ഫണ്ട് ബോർഡ്.

ബോർഡിൽ ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി ഉണ്ട്. പൊതുമരാമത്ത് വകുപ്പുമന്ത്രി ചെയർമാനും, അഡീഷണൽ ചീഫ് സെക്രട്ടറി വൈസ് ചെയർമാനും ധനകാര്യ സെക്രട്ടറി, നിയമവകുപ്പ് സെക്രട്ടറി, പൊതുമരാമത്ത് നിരത്തുവിഭാഗം ചീഫ് എൻജിനീയർ എന്നിവർ അനൗദ്യോഗിക അംഗങ്ങളും ബോർഡ് നോമിനേറ്റ് ചെയ്യുന്ന നോമിനേറ്റഡ് ബോർഡ് മെമ്പർമാരിൽ രണ്ടു പേർ മെമ്പർമാരും ആണ്.

LIBRARY ARCHIVES Kerala Legislative Assembly